സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**സംഗ്രഹം**

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്യൂൺ തസ്തികയിലേയ്ക്കുള്ള നിയമനം - ഡ്യൂട്ടി വ്യവസ്ഥ/ദിവസവേതനം - ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി.18133/21/എസ്റ്റ-ബി നന്തൻകോട്: 08/02/2022

---

പരാമർശം:- 1. കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിന്നും 23/10/2021-ൽ 25/Rect/2018/KDRB നമ്പർ കത്ത്.

2. 02/02/2022-ലെ ROC.10398/21/EST-2 നമ്പർ ബോർഡ് ഉത്തരവ്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പ്യൂൺ തസ്തികയിലേയ്ക്കുള്ള ഒഴിവുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിലേയ്ക്ക് റിപ്പോർട്ട് ചെയ്തതനുസരിച്ച് നിയമനത്തിനായി 54 പേരുടെ അഡ്വൈസ് ലഭിച്ചിട്ടുള്ളതാണ്. (പരാമർശം: 1)

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ നിന്നും അഡ്വൈസ് ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെ ആവശ്യാനുസരണം നിയമിക്കുന്നതിന് ഈ ആഫീസിനെ ചുമതലപ്പെടുത്തി ബോർഡുത്തരവായിട്ടുള്ളതാണ്. (പരാമർശം: 2). കൂടാതെ ഇപ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് പ്യൂൺ തസ്തികയിൽ ഡ്യൂട്ടി വ്യവസ്ഥയിലും താൽക്കാലിക പ്രൊമോഷൻ ലഭിച്ചവരുടേയും സേവനം അവസാനിപ്പിച്ച് അവരുടെ സ്വന്തം ലാവണത്തിലേയ്ക്ക് തിരികെ അയയ്ക്കുന്നതിന് ബോർഡുത്തരവായിട്ടുള്ളതാണ്.

അനുവാദ തസ്തികയിൽ അല്ലാതെ ജോലി നോക്കി വരുന്ന ദിവസ വേതന ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നതിനും, അനുവാദ തസ്തികയിൽ ജോലിനോക്കി വരുന്ന ദിവസവേതനക്കാരെ പുതുതായി നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഒഴിവാക്കുന്നതിനും ബോർഡുത്തരവായിട്ടുള്ളതാണ്.

പ്രസ്തുത ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ പ്യൂൺ തസ്തികയിൽ പുതുതായി നിയമിതരാകുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിക്കുന്ന മുറയ്ക്ക് വിവിധ ആഫീസുകളിൽ ഡ്യൂട്ടി വ്യവസ്ഥയിലും താൽക്കാലികമായി പ്രൊമോഷൻ ലഭിച്ച് ജോലി നോക്കി വരുന്നവരുടേയും സേവനം അവസാനിപ്പിച്ച് അവരുടെ സ്വന്തം ലാവണത്തിലേയ്ക്ക് തിരികെ അയച്ച് വിവരം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് അതാത് ആഫീസ് മേധാവികളെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(മറുപുറം..)

പ്യൂൺ തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നവരുടെ സേവനം പുതുതായി നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് അവസാനിപ്പിക്കേണ്ടതും, ബോർഡ് ഉത്തരവ് പ്രകാരം അനുവാദമില്ലാത്ത പ്യൂൺ തസ്തികയിൽ ജോലിനോക്കി വരുന്നവരുടെ സേവനം ഈ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് അവസാനിപ്പിക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു. കൂടാതെ ആശ്രിത നിയമന വ്യവസ്ഥ പ്രകാരം താൽക്കാലികമായി വിവിധ ആഫീസുകളിൽ പ്യൂൺ തസ്തികയിൽ ജോലി നോക്കി വരുന്ന ജൂനിയർ മോസ്റ്റ് ആയ നാല് ജീവനക്കാരുടെ സേവനവും പുതുതായി നിയമിക്കപ്പെടുന്നവർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

പകർപ്പ്:-

1. സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)
2. ചീഫ് എഞ്ചിനീയർ (ജനറൽ), തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഫിനാൻസ് കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ്&സെക്യൂരിറ്റി)
5. തിരുവാഭരണം കമ്മീഷണർ
6. ഡയറക്ടർ, സാംസ്കാരിക-പുരാവസ്തു വിഭാഗം,
7. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.
8. എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
9. എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
10. എല്ലാ അസിസ്റ്റന്റ് ആഡിറ്റ് ആഫീസർമാർക്കും
11. ഇ.ഡി.പി സെക്ഷൻ
12. ബിൽ സെക്ഷൻ, ദേവസ്വം ബോർഡ് ആഫീസ്
13. ഫെയർ ഓഫീസ് കോപ്പി.

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

AR.08/02